**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** | **09-08-2023 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ സുപ്രധാന ഘടകമായ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയറുകൾ ( ഒ.പി.ജി.ഡബ്ല്യൂ.) കേബിളുകൾ ഇന്ത്യൻ നിർമ്മിതമാണോയെന്ന് കെ.എസ്.ഇ.ബി. പരിശോധിച്ചിട്ടുണ്ടോ; | (എ) | കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥർഅടങ്ങുന്ന കെ ഫോൺ ടെക്നിക്കൽ കമ്മിറ്റിയിൽ ഈ വിഷയം പരിശോധിച്ചിട്ടുണ്ട്. “Make in India” വ്യവസ്ഥ പാലിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേബിളുകൾ കെ-ഫോണിനായി നൽകിയ ബെൽ കൺസോർഷ്യം പാർട്ണറായ എൽ.എസ്. കേബിൾ എന്ന സ്ഥാപനത്തിൽ കെ.എസ്.ഇ.ബി. പരിശോധന നടത്തിയിരുന്നോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | കെ ഫോൺ പദ്ധതിയുടെ ഭാഗമായി നിഷ്കർഷിച്ചിട്ടുള്ള ഒ.പി.ജി.ഡബ്ല്യൂ കേബിളുകളുടെ ടെസ്റ്റുകൾ കെ.എസ്.ഇ.ബി എൽ അടങ്ങുന്ന ടീം പരിശോധിച്ചിട്ടുണ്ട്. ടെക്നിക്കൽ വ്യവസ്ഥകൾ പാലിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിന് ഒ.പി.ജി.ഡബ്ല്യൂ. കേബിളുകൾ നിർമ്മിക്കാനുള്ള സംവിധാനമില്ലെന്ന് കെ-ഫോൺ പദ്ധതിയിലെ പാർട്ണറായ കെ.എസ്.ഇ.ബി. കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | ഒ.പി.ജി.ഡബ്ല്യൂ. കേബിളുകളുടെ നിർമ്മാതാക്കളിൽനിന്ന് 25 വർഷത്തെ വാറന്റി ഉറപ്പാക്കണമെന്ന ടെൻഡർ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്ന പരിശോധന കെ.എസ്.ഇ.ബി. നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ആർ.എഫ്.പി (റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ)/ ടെണ്ടർ വ്യവസ്ഥയിൽ ഒ.പി.ജി.ഡബ്ല്യൂ കേബിളിന്റെ 25 വർഷത്തെ വാറന്റി വ്യവസ്ഥ ഉൾപ്പെട്ടിട്ടുണ്ട്. ടി കേബിളുകൾ ഇപ്പോൾ വാറന്റി കാലാവധിയിൽ ആണ്. |

സെക്ഷൻ ഓഫീസർ